പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1093. 30.11.2018 ന് മറുപടിയ്ക്ക്.

**മരട് ഐ.ടി.ഐ യ്ക്ക് പുതിയ കെട്ടിടം**

ചോദ്യം ഉത്തരം

ശ്രീ.എം. സ്വരാജ് :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) തൃപ്പൂണിത്തറ നിയമസഭാ മണ്ഡലത്തിലെ മരട് ഐ.ടി.ഐ യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ; | | (എ) മരട് ഐ.ടി.ഐ-യുടെ ഒന്നാം ഘട്ട നിർമ്മാണത്തിനായി 3.99 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള നടപടി ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും ഘട്ട നിർമ്മാണത്തിനായുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) എത്ര ഘട്ടമായാണ് ഇതിന്റെ നിർമ്മാണം നടത്തുകയെന്ന് അറിയിക്കുമോ; | | (ബി) മൂന്ന് ഘട്ടമായിട്ടാണ് നിർമ്മാണം നടത്തുന്നത്. |
| (സി) ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉള്ള പ്രദേശമാണെന്ന പ്രത്യേക പരിഗണന നൽകി കാലാനുസൃതവും ആവശ്യാനുസൃതവുമായ പുതിയ ട്രേഡുകൾ കൂടി ഭാവിയിൽ അനുവദിക്കപ്പെടുന്നതിന് ഉതകും വിധം പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നടത്തുമോ; | | (സി) പുതിയ ട്രേഡുകൾ കൂടി ഭാവിയിൽ ആരംഭിക്കുന്നതു ലക്ഷ്യമിട്ടുകൂടിയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുമോ; | | (ഡി) പൂർത്തീകരിക്കുന്നതാണ്. |
| (ഇ) ഇതിനുള്ള ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ? | | (ഇ) ഭരണാനുമതി നൽകുന്നതിനു മുന്നോടിയായി ഐ.ടി.ഐ യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ അംഗീകരിക്കേണ്ടതുണ്ട്. ആയത് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ